2025 MARCH
29
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# എറണാകുളം, ഷൊർണൂർ മൂന്നാം ലൈൻ: 12,000 കോടിയുടെ പദ്ധതി



**കൊച്ചി:** എറണാകുളംഷൊർണൂർ മൂന്നാം ലൈനിന് 12,000 കോടി രൂപ നിർമാണ ചെലവുള്ള ഡിപിആർ തയ്യാറായി. പുതിയ പദ്ധതികൾ 160 കിലോമീറ്റർ വേഗത്തിലാകണമെന്നതാണ് റെയിൽവേ ബോർഡിന്റെ നയം. ഇതുപ്രകാരം ലൈൻ നിർമിക്കുകയാണെങ്കിൽ 12,000 കോടി രൂപ ചെലവാകുമെന്നാണ് കണക്കാക്കുന്നത്. കിലോമീറ്ററിന് 100 കോടി രൂപയോളമാണ് നിർമാണച്ചെലവ് കണക്കാക്കുന്നത്. റെയിൽവേ കൺസ്ട്രക്ഷൻ വിഭാഗമാണ് ഡിപിആർ തയ്യാറാക്കിയത്. ലൊക്കേഷൻ സർവേയും അലൈൻമെന്റും നേരത്തേ കഴിഞ്ഞിരുന്നു.

അതേസമയം യാത്രക്കൂലി ഇനത്തിൽനിന്ന് പദ്ധതിക്ക് വരുമാനം കിട്ടില്ലെന്നാണ് റെയിൽവേയുടെ നിഗമനം. പദ്ധതിയിൽനിന്ന് വരുമാനം കാര്യമായി കിട്ടില്ലെന്നതിനാൽ റെയിൽവേ ബോർഡിന്റെ അംഗീകാരം പ്രതീക്ഷിക്കേണ്ടതില്ലെന്നാണ് റെയിൽവേ വൃത്തങ്ങൾ നൽകുന്ന സൂചന. ഈ മാസം ഡിപിആർ സമർപ്പിക്കാൻ നേരത്തേതന്നെ തീരുമാനിച്ചിരുന്നു. വർഷംതോറും യാത്രക്കാരുടെ നിരക്ക് ശരാശരി രണ്ടു ശതമാനം കൂടുന്നുണ്ട് എന്നാണ് റെയിൽവേയുടെ കണക്ക്. 2015ൽ നടത്തിയ സർവേ പ്രകാരം മണിക്കൂറിൽ 80 കിലോമീറ്റർ വേഗത്തിലുള്ള 107 കിലോമീറ്റർ നീളമുള്ള പാതയ്ക്ക് 1500 കോടിയാണ് കണക്കാക്കിയിരുന്നത്.

ട്രെയിനുകളുടെ വേഗം കൂട്ടാനുള്ള പദ്ധതി റെയിൽവേയുടെ ചെലവിലാണ് നടപ്പാക്കുന്നത്. ഒട്ടേറെ തിരിവും വളവുമുള്ള, ഇപ്പോഴുള്ള എറണാകുളംഷൊർണൂർ ലൈനിന് അടുത്തായി പുതിയ ട്രാക്ക് നിർമിച്ചാൽ ട്രെയിനുകളുടെ വേഗം കൂട്ടാനാകില്ല. അതിനാൽ പരമാവധി നേരെയാണ് മൂന്നാം ട്രാക്ക് ഉദ്ദേശിക്കുന്നത്. നിലവിലുള്ള ട്രാക്കിന്റെ അടുത്തായിരിക്കില്ല ഇത്.

എറണാകുളം സൗത്ത്, നോർത്ത്, ആലുവ, തൃശ്ശൂർ, ഷൊർണൂർ എന്നീ സ്റ്റേഷനുകൾ പുതിയ ലൈനിലുണ്ടാകും. മണിക്കൂറിൽ 110, 130, 160 എന്നീ കിലോമീറ്റർ വേഗത്തിൽ ട്രെയിൻ ഓടിക്കുന്നതു സംബന്ധിച്ച പഠനമാണ് നടന്നത്. മൂന്നാം ലൈനിന് ഒപ്പം നാലം ലൈനിന്റെ സാധ്യതയും പഠിച്ചിരുന്നു. ഏകദേശം 250 ഹെക്ടർ പുതിയ ലൈനിന് വേണമെന്നാണ് കരുതുന്നത്.

## എടിഎമ്മിൽനിന്ന് പണം പിൻവലിക്കാനുള്ള നിരക്കുകൾ റിസർവ് ബാങ്ക് വർധിപ്പിച്ചു

**ന്യൂഡൽഹി:** എടിഎമ്മിൽനിന്ന് പണം പിൻവലിക്കാനുള്ള നിരക്കുകൾ റിസർവ് ബാങ്ക് വർധിപ്പിച്ചു. മാസത്തിൽ 5 തവണയിൽ കൂടുതൽ എടിഎമ്മിൽനിന്ന് പണം പിൻവലിച്ചാൽ ഒരു ഇടപാടിന് 23 രൂപ നൽകണം. നേരത്തെ 21 രൂപയായിരുന്നു. മേയ് ഒന്നു മുതൽ നിരക്കു വർധന പ്രാബലത്തിൽ വരും.

അക്കൗണ്ടുള്ള ബാങ്കിലെ എടിഎമ്മിൽനിന്ന് മാസത്തിൽ അഞ്ചു തവണ സൗജന്യമായി പണം പിൻവലിക്കാം. സാമ്പത്തിക, സാമ്പത്തികേതര ഇടപാടുകൾക്ക് ഇത് ബാധകമാണ്. മറ്റുള്ള ബാങ്കുകളുടെ എടിഎമ്മിൽനിന്ന് വൻനഗരങ്ങളിൽ മൂന്നു തവണയും നഗരങ്ങളിൽ അഞ്ച് തവണയും സൗജന്യമായി പണം പിൻവലിക്കാം.

## സെലെൻസ്കിയെ മാറ്റിയാൽ യുദ്ധം അവസാനിപ്പിക്കാൻ ഒത്തുതീർപ്പുകളാകാം: നിർണായക പ്രഖ്യാപനവുമായി പുട്ടിൻ

**മോസ്കോ:** യുക്രെയ്ൻ പ്രസിഡന്റ് വൊളോഡിമിർ സെലെൻസ്കിയെ മാറ്റിയാൽ യുദ്ധം അവസാനിപ്പിക്കാൻ ഒത്തുതീർപ്പുകളാകാമെന്ന് റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുട്ടിൻ. സെലൻസ്കിയെ മാറ്റി ഒരു താൽക്കാലിക ഭരണകൂടം ഉണ്ടാകുകയാണെങ്കിൽ യുദ്ധം അവസാനിപ്പിക്കുന്നതിനെക്കുറിച്ച് ചർച്ചകളാകാമെന്നും പുട്ടിൻ വ്യക്തമാക്കി. ഐക്യരാഷ്ട്ര സംഘടനയ്ക്കും യുഎസിനും യൂറോപ്യൻ രാജ്യങ്ങൾക്കും യുക്രെയ്നിൽ താൽക്കാലിക ഭരണസംവിധാനമുണ്ടാക്കാൻ മുന്നോട്ടുവരാനാകുമെന്നും പുട്ടിനെ ഉദ്ധരിച്ച് റഷ്യൻ മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തു.

റഷ്യ, യുക്രെയ്ൻ യുദ്ധം ആരംഭിച്ച് മൂന്നു വർഷം പിന്നിടുമ്പോൾ പതിനായിരക്കണക്കിനു പേരാണ് ഇരുപക്ഷത്തും കൊല്ലപ്പെട്ടത്. നാറ്റോ സഖ്യത്തിൽ അംഗത്വമെടുക്കാനും സൈനിക ശക്തി വർധിപ്പിക്കാനും യുക്രെയ്ൻ ശ്രമിച്ചതാണ് യുദ്ധത്തിന് ഇടയാക്കിയതെന്നാണ് തുടക്കം മുതൽ റഷ്യ ആരോപിക്കുന്നത്. സെലൻസ്കിയെയാണ് പ്രധാനമായും റഷ്യൻ നേതൃത്വം കുറ്റപ്പെടുത്തുന്നത്. യുഎസിൽ ഡോണൾഡ് ട്രംപ് അധികാരത്തിലെത്തിയതോടെ യുദ്ധം അവസാനിപ്പിക്കാനുള്ള ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. റഷ്യയ്ക്ക് അനുകൂലമായ നിബന്ധനകൾ അംഗീകരിച്ച് യുദ്ധം അവസാനിപ്പിക്കേണ്ടിവരുമോയെന്ന ഭയത്തിലാണ് യുക്രെയ്ൻ.

വൊളോഡിമിർ സെലെൻസ്കിയും ഡോണൾ!ഡ് ട്രംപുമായി നടന്ന ചർച്ചയിൽ വാക്കേറ്റവും വെല്ലുവിളിയും ഉണ്ടായതിനെ തുടർന്ന് ചർച്ച അലസിപ്പിരിഞ്ഞിരുന്നു. ചർച്ചയ്ക്കിടെ, യുദ്ധം അവസാനിപ്പിക്കാൻ പുട്ടിൻ കരാർ ഉണ്ടാക്കാൻ ആഗ്രഹിക്കുന്നെന്ന് ട്രംപ് വ്യക്തമാക്കിയിരുന്നു.പുട്ടിൻ വിശ്വസിക്കാനാവുന്ന വ്യക്തിയല്ലെന്നും കൊലയാളിയോട് ഒരു വിട്ടുവീഴ്ചയും ചെയ്യരുതെന്നും വ്യക്തമാക്കിയ സെലെൻസ്കി, യുദ്ധം അവസാനിപ്പിക്കാൻ തയാറെങ്കിൽ ഉറപ്പുകൾ ലഭിക്കണമെന്നും ആവശ്യപ്പെട്ടു.

## കേന്ദ്രസർക്കാർ ജീവനക്കാരുടെ ഡിഎ 2% വർധിപ്പിക്കും; ജനുവരി ഒന്നു മുതൽ മുൻകാല പ്രാബല്യം



**ന്യൂഡൽഹി:** കേന്ദ്രസർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത (ഡിഎ) വർധിപ്പിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. രണ്ടു ശതമാനമാണ് വർധന. പെൻഷൻകാരുടെ ഡിആറും (ഡിയർനെസ് അലവൻസ്) 2% വർധിപ്പിച്ചു. ജീവനക്കാരും പെൻഷൻകാരും ഉൾപ്പെടെ 1.15 കോടി പേർക്ക് ഇതിന്റെ ഗുണം ലഭിക്കും. ഡിഎ, ഡിആർ വർധിപ്പിക്കാൻ മന്ത്രിസഭായോഗം അനുമതി നൽകിയതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. 2025 ജനുവരി ഒന്നു മുതൽ പ്രാബല്യമുണ്ടാകും.

ഡിഎ 53 ശതമാനത്തിൽനിന്ന് 55 ശതമാനമായാണ് ഉയർത്തിയത്. 2024ൽ ഡിഎ 50 ശതമാനത്തിൽനിന്ന് 53 ശതമാനമാക്കി ഉയർത്തിയിരുന്നു. പുതിയ തീരുമാനം 48.66 ലക്ഷം കേന്ദ്രസർക്കാർ ജീവനക്കാർക്കും 66.55 ലക്ഷം പെൻഷൻകാർക്കും ഗുണം ചെയ്യും. പണപെരുപ്പത്തിന് ആനുപാതികമായി ജീവനക്കാരുടെ ശമ്പളത്തിൽ വരുത്തുന്ന വർധനയാണ് ഡിഎ. പെൻഷനിൽ വരുത്തുന്ന വർധന ഡിആറും.





# വിഭവ സമ്മിറ്റ് സമാപിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് മാർച്ച് 27ന് വിദ്യാർത്ഥികളുടെ പ്രഥമ സാങ്കേതിക ഉച്ചകോടിയായ വിഭവ ഇന്നവേഷൻ സമ്മിറ്റ് 2025 സംഘടിപ്പിച്ചു. വിദ്യാർത്ഥികൾ, വ്യവസായ പ്രതിനിധികൾ, ഗവേഷകർ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരെ ഒരു കുടക്കീഴിൽ അണിനിരത്തിയ വിഭവ സമ്മിറ്റ്, വിദ്യാർത്ഥികളുടെ നൂതനാവിഷ്കാരങ്ങൾ പ്രദർശനങ്ങളിലൂടെയും, അക്കാദമികവ്യവസായ സഹകരണം മെച്ചപ്പെടുത്തുന്നതിനുള്ള ചർച്ചകളിലൂടെയും ശ്രദ്ധേയമായി.

സർവകലാശാല വൈസ് ചാൻസലർ ഡോ. എം. ജുനൈദ് ബുഷിരിയാണ് പരിപാടി ഉദ്ഘാടനം ചെയ്തത്. കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ ഡോ. കെ കെ സജു, കുസാറ്റ് രജിസ്ട്രാർ ഡോ. എ യു അരുൺ, സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് പ്രിൻസിപ്പാൾ ഡോ. അബ്ദുള്ള പി, പ്രൊഫസർ ഡോ. ബിജു എൻ., വിഭവ 2025 കൺവീനർ റോമൽ ജോസ്ബിൻ എന്നിവരും ചടങ്ങിൽ സംസാരിച്ചു. സമ്മിറ്റിന്റെ ഭാഗമായി പാനൽ ചർച്ചകൾ, വർക്ക്ഷോപ്പുകൾ, സ്റ്റാർട്ടപ്പ് വിജയഗാഥകൾ, പ്രോജക്ട് എക്സ്പോ എന്നിവ സംഘടിപ്പിച്ചു. ഏറെ പ്രശംസ നേടിയ ഓട്ടോമോട്ടീവ്, എയ്റോസ്പേസ് എഞ്ചിനീയറിംഗ് ഡിസൈനുകളായ ഡ്രോണുകൾ, സൈക്കിളുകൾ, റോവർ, റേസിംഗ് കാറുകൾ എന്നിവ നിർമിച്ച ഫോർമുല സ്റ്റുഡന്റ് ടീം, ബജാ ടീം, മാർസ് റോവർ ടീം എന്നിവരും സമ്മിറ്റിന്റെ മുഖ്യ ആകർഷണമായി.

കുസാറ്റ് വിദ്യാർത്ഥികൽ തന്നെ വികസിപ്പിച്ച നൂതന പ്രോജക്ടുകളായ അഗ്രികൾച്ചർ ട്രാൻസ്പ്ലാൻറർ മെഷീൻ, ഓട്ടോമേറ്റഡ് എയറോപോണിക്സ് ഫ്രെയിംവർക്ക്, ന്യൂറോഡൈവർജന്റ്, നോൺഇൻവേസീവ് മെഡിക്കൽ ഉപകരണം തുടങ്ങിയ പ്രോജക്ടുകൾ പ്രദർശിപ്പിച്ചു. വ്യവസായങ്ങൾ നേരിടുന്ന വെല്ലുവിളികൾക്ക് പരിഹാരങ്ങൾ അവതരിപ്പിക്കുന്ന അവസാന വർഷ വിദ്യാർത്ഥികളുടെ നൂതനാശയങ്ങൾ, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്നിവയുമായി സഹകരിച്ച് നടത്തിയ പദ്ധതികൾ എന്നിവയും പ്രദർശിപ്പിച്ചു.

സമ്മിറ്റിൻറെ ഭാഗമായി വലിയ വാടക നൽകി താൽക്കാലിക ഷെഡ്ഡുകൾ വച്ചുകെട്ടിയാണു പ്രദർശന സ്റ്റാളുകൾ ഒരുക്കുന്നതെന്നും വലിയ സാമ്പത്തികനഷ്ടവും മറ്റു ബുദ്ധിമുട്ടുകളും നേരിടുന്നുണ്ടെന്നും വിദ്യാർഥികൾ പറഞ്ഞു. അതുകൊണ്ടുതന്നെ

കുസാറ്റ് വിദ്യാർഥികളുടെ കണ്ടുപിടിത്തങ്ങളും അവർ വികസിപ്പിക്കുന്ന നൂതന സാങ്കേതിക വിദ്യകളും പ്രദർശിപ്പിക്കാൻ ക്യാംപസിൽ സ്ഥിരം പ്രദർശനവേദി ആവശ്യമെന്ന് വിദ്യാർഥി സമൂഹം അഭിപ്രായപ്പെട്ടു.

# കാലാവസ്ഥാമാറ്റത്തിൽ സമീകൃതാഹാരം പ്രധാനം: ഡോ.മധുമിത കൃഷ്ണൻ



**കൊച്ചി:** അസന്തുലിതാവസ്ഥ തടയുന്നതിന്, കാലാവസ്ഥ മാറുന്നതനുസരിച്ച് സമീകൃതാഹാരം പ്രധാനമാണെന്ന് ആയുർവേദ വിദഗ്ധ ഡോ.മധുമിത കൃഷ്ണൻ പറഞ്ഞു. വാതം, പിത്തം തുടങ്ങിയവ പിടിപ്പെടാവുന്ന കാലാവസ്ഥയാണിത്. ഇത് ശരീരത്തെയും രോഗങ്ങൾക്ക് കീഴ്പ്പെടുത്തും. ചൂടുള്ളതും വരണ്ടതുമായ കാലാവസ്ഥയാണ് വാതത്തെ വഷളാക്കുന്നത്. വരൾച്ച, അസ്ഥിരത, ശ്വസന പ്രശ്നങ്ങൾ എന്നിവയിലേക്കും ഇത് നയിക്കുമെന്നും ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയയുടെ ആരോഗ്യ ക്യാമ്പയിനിൽ സംസാരിക്കവേ അവർ പറഞ്ഞു. അതേസമയം, താപനിലയിലെ ഏറ്റക്കുറച്ചിലുകൾ ദഹനത്തെ ദുർബലപ്പെടുത്തുകയും വിഷവസ്തുക്കൾ അടിഞ്ഞു കൂടുകയും പ്രതിരോധശേഷി കുറയ്ക്കുകയും ചെയ്യും. ഈ ഘട്ടത്തിൽ നല്ല ആരോഗ്യം നിലനിർത്താൻ, ചൂടുള്ളതും നന്നായി പാകം ചെയ്തതുമായ ഭക്ഷണങ്ങൾ ഉപയോഗിച്ച് ശരീരത്തെ പോഷിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഒരു ആയുർവേദ വിദഗ്ധ എന്ന നിലയിൽ ബദാം പോലുള്ള പ്രോട്ടീന്റെ പ്രകൃതിദത്ത ഉറവിടം, വീട്ടിൽ ഉണ്ടാക്കിയ നെയ്യ്, പച്ചക്കറി സൂപ്പുകൾ, സീസണൽ പച്ചിലകൾഎന്നിവ ദൈനംദിന ഭക്ഷണത്തിൽ ഉൾപ്പെടുത്താനാണ് താൻ ശുപാർശ ചെയ്യുന്നത്. അസന്തുലിതമായ ഭക്ഷണക്രമം ദഹനത്തെ ബുദ്ധിമുട്ടിക്കുകയും, ശാരീരിക ക്ഷീണത്തിലേക്കുൾപ്പെടെ നയിക്കുകയും ചെയ്യുമെന്നും അവർ അഭിപ്രായപ്പെട്ടു.

# എന്റെ കേരളം പ്രദർശന വിപണന മേള മെയ് 17 മുതൽ 23 വരെ മറൈൻഡ്രൈവിൽ

**കൊച്ചി :**സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായി എന്റെ കേരളം പ്രദർശന വിപണന മേള മെയ് 17 മുതൽ 23 വരെ മറൈൻഡ്രൈവിൽ നടക്കും. മേളയിൽ പൊതുജനങ്ങൾക്ക് വിവിധ വകുപ്പുകളുടെ സേവനങ്ങളും ലഭ്യമാകും.മേളയുടെ സുഗമമായ നടത്തിപ്പിനായി കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വ്യവസായ വകുപ്പ് മന്ത്രി പി രാജീവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സംഘാടക സമിതി രൂപീകരിച്ചു. സർക്കാർ പ്രവർത്തനങ്ങൾ പരമാവധി ജനങ്ങളിലേക്ക് എത്തിക്കുക, തുടർ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് പ്രദർശന വിപണനമേള സംഘടിപ്പിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.നാലാം വാർഷികത്തോടനുബന്ധിച്ച് സംസ്ഥാനത്ത് മേഖലാ അവലോകന യോഗങ്ങളും വിവിധ രംഗങ്ങളിലുള്ളവരെ ഉൾപ്പെടുത്തി ജില്ലാതല അവലോകന യോഗങ്ങളും സംഘടിപ്പിക്കും. എല്ലാ വകുപ്പുകളുടെയും സഹകരണത്തോടെ മേള മികച്ച രീതിയിൽ നടപ്പിലാക്കണമെന്ന് മന്ത്രി പറഞ്ഞു.

# എ.കെ.സി.എ: ഭാരവാഹികളെ തിരഞ്ഞെടുത്തു

**കൊച്ചി:** ഓൾ കേരള കാറ്ററേഴ്സ് അസോസിയേഷൻ (എ.കെ.സി.എ) എറണാകുളം മേഖലാ പ്രസിഡന്റായി ടി.എം അയൂബിനെയും സെക്രട്ടറിയായി സാവിയോയെയും ട്രഷറർ ആയി സമീർ കോയിസിനെയും തിരഞ്ഞെടുത്തു.പി.കെ പ്രകാശൻ (വർക്കിംഗ് പ്രസിഡന്റ്), പി.വി മോഹൻദാസ്, ജാക്ക്സൺ നെറ്റോ (വൈസ് പ്രസിഡന്റ്മാർ ) ഷെമീർ കിത്തക്കേരി, ബിജു മാത്യു (ജോയിന്റ് സെക്രട്ടറിമാർ ) എന്നിവരാണ് മറ്റു ഭാരവാഹികൾ. എറണാകുളം വൈ.എം.സിയെ ഹാളിൽ നടന്ന മേഖലാ വാർഷിക യോഗത്തിലായിരുന്നു തിരഞ്ഞെടുപ്പ് നടന്നത്. അസോസിയേഷൻ ജില്ലാ പ്രസിഡന്റ് വി.കെ വർഗ്ഗീസ് സമ്മേളനം ഉദ്ഘാടനം ചെയ്തു. മേഖല പ്രസിഡന്റ് ടി. എം അയൂബ് അധ്യക്ഷത വഹിച്ചു.

# മികച്ച ഡോക്ടർമാർക്കുള്ള പുരസ്കാരം: ബെസ്റ്റ് ഡോക്ടേഴ്സ് അവാർഡ് 2023 പ്രഖ്യാപിച്ചു

**തിരുവനന്തപുരം:** സംസ്ഥാനത്തെ ആധുനിക വൈദ്യശാസ്ത്ര മേഖലയിലെ മികച്ച ഡോക്ടർമാർക്കുള്ള പുരസ്കാരം ബെസ്റ്റ് ഡോക്ടേഴ്സ് അവാർഡ് 2023 ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പ്രഖ്യാപിച്ചു. ഹെൽത്ത് സർവീസസ്, ഇൻഷുറൻസ് മെഡിക്കൽ സർവീസസ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ദന്തൽ സ്പെഷ്യാലിറ്റീസ്, സ്വകാര്യ മേഖല എന്നീ വിഭാഗങ്ങളിലാണ് അവാർഡ് നൽകുന്നത്. ലോകാരോഗ്യ ദിനമായ ഏപ്രിൽ 7ന് പുരസ്കാരങ്ങൾ വിതരണം ചെയ്യും.

ഹെൽത്ത് സർവീസസിൽ വയനാട് നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജൻ ഡോ. ദാഹർ മുഹമ്മദ് വി.പി., ഇൻഷുറൻസ് മെഡിക്കൽ സർവീസസിൽ കൊല്ലം പട്ടത്താനം ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മേരി ഫ്രാൻസിസ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ഇൻഫെക്ഷ്യസ് ഡിസീസസ് വിഭാഗം മേധാവി ഡോ. അരവിന്ദ് ആർ, ദന്തൽ സ്പെഷ്യാലിറ്റീസിൽ തിരുവനന്തപുരം ഗവ. ഫോർട്ട് താലൂക്ക് ആശുപത്രിയിലെ അസിസ്റ്റന്റ് ദന്തൽ സർജൻ ഡോ. ബാബു ഇ.സി., സ്വകാര്യ മേഖലയിൽ എറണാകുളം ആലുവ രാജഗിരി ഹോസ്പിറ്റലിലെ ഗൈനക്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. വി.പി. പൈലി എന്നിവർക്കാണ് മികച്ച ഡോക്ടർമാർക്കുള്ള അവാർഡ്.

# വി. ചാവറയച്ചൻ പുസ്തക പ്രകാശനം 31 ന്

**കൊച്ചി :** ഫാ.ഡോ.വിൽസൺ തറയിൽ സി എം ഐ യുടെ വിശുദ്ധ ചാവറയച്ചൻ ജീവിതവും സാഹിത്യകൃതികളും എന്ന പുസ്തകത്തിന്റെ പ്രകാശനവും നാടകാവതരണവും ചാവറ കൾച്ചറൽ സെന്ററിൽ മാർച്ച് 31 വൈകിട്ട് 5.30ന് ചാവറ പബ്ലിക് ലൈബ്രറി ഹാളിൽ കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് കെ സച്ചിദാനന്ദൻ ഉദ് ഘാടനം ചെയ്യും. എഴുത്തുകാരൻ അശോകൻ ചരുവിൽ പുസ്തകത്തിന്റെ ആദ്യ പ്രതി ഏറ്റുവാങ്ങും. നാഷണൽ ബെസ്റ്റ് ടീച്ചേഴ്സ് അവാർഡ് നേടിയ ഭരതൻ മാസ്റ്റർ പുസ്തക പരിചയം നടത്തും. സി.എം.ഐ. സഭ പ്രിയോർ ജനറാൾ റവ. ഡോ. തോമസ് ചാത്തംപറമ്പിൽ സി.എം.ഐ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ എം ജി സർവകലാശാല മുൻ വൈസ് ചാൻസിലർ ഡോ. സിറിയക് തോമസ് , സി.എം.ഐ.സഭ വികാർ ജനറാൾ ഫാ. ജോസി താമരശ്ശേരി സി.എം.ഐ., തൃശ്ശൂർ ദേവമാതാ പ്രോവിൻസ് പ്രൊവിൻഷ്യാൾ ഡോ. ജോസ് നന്ദിക്കര, ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി.എം.ഐ .ഫാ.വിൽസൺ തറയിൽ സിഎംഐ എന്നിവർ പ്രസംഗിക്കും. തുടർന്ന് സുനി ചെറിയാൻ സംവിധാനവും ഫാ.വിൽസൺ തറയിൽ സി.എം ഐ, രചനയും നിർവ്വഹിച്ച ക്രൈസ്റ്റ്, ഇരിങ്ങാലക്കുട അവതരിപ്പിക്കുന്ന വി. ചാവറയച്ചന്റെ ഖണ്ഡകാവ്യം 'അനസ്താസ്യായുടെ രക്തസാക്ഷ്യം' നാടകാവതരണം ഉണ്ടായിരിക്കുമെന്ന് ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് അറിയിച്ചു.

# പുസ്തക പ്രകാശനം

**കൊച്ചി;** ചാവറ കൾച്ചറൽ സെന്ററും ലളിതാംബിക അന്തർജനം സെന്ററും സംയുക്തമായി 2025 മാർച്ച് 29 'ശനി ഉച്ച കഴിഞ്ഞ് 2 30ന് ചാവറ കൾച്ചറൽ സെന്ററിൽ വെച്ച് ലളിതാംബിക അന്തർജനം അനുസ്മരണവും പുസ്തകപ്രകാശനവും സംഘടിപ്പിക്കുന്നു. എഴുത്തുകാരി ചന്ദ്രമതി ലളിതാംബിക അന്തർജനം അനുസ്മരണ പ്രഭാഷണം നടത്തും. തസ്മിന്റെ കവിതാസമാഹാരമായ ഒറ്റനടത്തം ചന്ദ്രമതി, കെ. പി. കലാവതിക്ക് നൽകി പ്രകാശനം ചെയ്യും.അഗത കുര്യൻ പുസ്തകപരിചയം നടത്തും.

# അംഗപരിമിതർക്ക് സഹായവുമായി മമ്മൂട്ടി : വീൽ ചെയർ വിതരണത്തിന് തുടക്കം



**കൊച്ചി:** എറണാകുളം ജില്ലയിലെ ആതുരസ്ഥാപനങ്ങളിലേക്ക് വീൽചെയറുകൾ എത്തിച്ച് നടൻ മമ്മൂട്ടി. സംസ്ഥാനത്തുടനീളം തിരഞ്ഞെടുക്കപ്പെട്ട ആതുരസ്ഥാപനങ്ങൾക്കായി വീൽചെയറുകൾവിതരണം ചെയ്യുന്ന കെയർ ആൻഡ് ഷെയർ ഇന്റർനാഷണൽ ഫൗണ്ടേഷന്റെ പദ്ധതിയുടെ ഭാഗമായി, എറണാകുളം ജില്ലാതല വീൽചെയർ വിതരണത്തിന്റെ ഉദ്ഘാടനം ഫോർട്ട് കൊച്ചി വെളിയിലെ സെന്റ് ജോസഫ് വെഫ്സ് ഹോമിൽ എറണാകുളം അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് പി രാജകുമാർ നിർവ്വഹിച്ചു. നടൻ മമ്മൂട്ടിയുടെ നേതൃത്വത്തിൽ നടന്നുവരുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്ന് എറണാകുളം സിറ്റി അസിസ്റ്റന്റ് കമ്മിഷണർ പി രാജ്കുമാർ പറഞ്ഞു. സമൂഹത്തിൽ അവശത അനുഭവിക്കുന്നവരെ ചേർത്തുനിർത്തുന്ന അദ്ദേഹത്തിന്റെ മനസ്സ് എല്ലാവർക്കും ഒരു മാതൃകയാണ്. അദ്ദേഹം വഴി ജീവിതപാതയിലേക്ക് തിരിച്ചുവന്ന നിരവധി പേരെ തനിക്ക് നേരിട്ട് അറിയാം. തുടർന്നും മമ്മൂട്ടിയുടെ ഇത്തരത്തിലുള്ള പദ്ധതികളിൽ പങ്കാളിയാകുന്നത് തനിക്ക് അഭിമാനകരമാണെന്നും അസിസ്റ്റന്റ് കമ്മീഷണർ പി രാജ്കുമാർ പറഞ്ഞു.കെയർ ആൻഡ് ഷെയർ മാനേജിങ് ഡയറക്ടർ ഫാ തോമസ് കുര്യൻ മരോട്ടിപ്പുഴ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.കേരളാ ഓർഫനേജ് ആൻഡ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസ് അസോസിയേഷൻ എറണാകുളം ജില്ലാ സെക്രട്ടറി പി കെ അബ്ദുൽ റഹിം, രാജഗിരി ആശുപത്രി ഡെപ്യൂട്ടി ജനറൽ മാനേജർ ജോസ് പോൾ, ഡോ അമൃത ടി എസ്, വെൽഫയർ അസോസിയേഷൻ ട്രസ്റ്റ് ആലുവ അഡ്മിനിസ്റ്ററേറ്റർ ഷമീല ജമൽ, സെന്റ് ജോസഫ് വെഫ്സ് ഹോം മാനേജർ സിസ്റ്റർ അഗസ്റ്റ സീസർ എന്നിവർ ചടങ്ങിൽ സംസാരിച്ചു. സ്ഥാപനമേധാവികൾ അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് രാജകുമാറിൽ നിന്നും വീൽചെയറുകൾ ഏറ്റുവാങ്ങി.

# ഇഫ്താർ സംഗമം സംഘടിപ്പിച്ചു




**തൃശൂർ:** തൃശൂർ കോർപ്പറേഷൻ മേയർ എം കെ വർഗീസ്, ഐ സി എൽ ഫിൻകോർപ് സിഎംഡി യും ലാറ്റിൻ അമേരിക്കൻ കരീബിയൻ റീജിയൺ ഗുഡ് വിൽ അംബാസിഡറും ആയ അഡ്വ. കെ.ജി. അനിൽകുമാറും ചേർന്ന് തൃശൂർ ബിനി ഹെറിറ്റേജിൽ ഇഫ്താർ വിരുന്ന് സംഘടിപ്പിച്ചു. മനുഷ്യ സൗഹൃദം ഊട്ടിയുണർത്തുന്ന വിശുദ്ധിയുടെ നാളുകളാണ് റംസാൻ നാളുകളെന്ന് മേയർ എം കെ വർഗീസ് പറഞ്ഞു. ഐ സി എൽ ഫിൻകോർപ് സിഎംഡി അഡ്വ. കെ.ജി. അനിൽകുമാറും റംസാൻ ആശംസ നേർന്നു. തൃശ്ശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്. മുഖ്യാതിഥിയായിരുന്നു. ചടങ്ങിൽ എംഎൽഎ ടി.ജെ. സനീഷ് കുമാർ ജോസഫ്, തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ്, ഡെപ്യൂട്ടി മേയർ എം എൽ റോസി, തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർ ഇളംഗോ ഐപിഎസ്, സിപിഐഎം ജില്ലാ സെക്രട്ടറി കെ വി അബ്ദുൽ ഖാദർ, സിപിഐ ജില്ലാ സെക്രട്ടറി കെ കെ വത്സരാജ്, കൊച്ചിൻ ദേവസ്വം പ്രസിഡന്റ് കെ. രവീന്ദ്രൻ, തൃശ്ശൂർ കോർപ്പറേഷൻ നഗര വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ വർഗീസ് കണ്ടംകുളത്തി തൃശ്ശൂർ എസ്പി സലീഷ് തുടങ്ങിയവർ സംസാരിച്ചു.

# സ്കൂളുകളിൽ നീന്തൽ പരിശീലനം വ്യാപിപ്പിക്കും : മന്ത്രി വി.ശിവൻകുട്ടി

**തിരുവനന്തപുരം:** കേരളത്തിലുടനീളമുള്ള കൂടുതൽ സ്കൂളുകളിലേക്ക് നീന്തൽ പരിശീലനം വ്യാപിപ്പിക്കുമെന്ന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടി. പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും യൂണിസെഫിന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സ്വിം സേഫ് പദ്ധതിയുടെ ഉദ്ഘാടനവും സർട്ടിഫിക്കറ്റുകളുടെ വിതരണവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

നീന്തൽ പരിശീലനത്തിലൂടെ നമ്മൾ ഒരു ജീവിത നൈപുണ്യം പഠിപ്പിക്കുക മാത്രമല്ല, നമ്മുടെ ഭാവി സംരക്ഷിക്കുകയുമാണ് ചെയ്യുന്നത്.നീന്തൽ പഠിച്ചാൽ അവശ്യഘട്ടങ്ങളിൽ സ്വയം സംരക്ഷിക്കാനും മറ്റുള്ളവരെ അപകടങ്ങളിൽ നിന്നും രക്ഷിക്കാനുമുള്ള ആത്മവിശ്വാസവും കഴിവും നേടിയെടുക്കാൻ കഴിയും. ജലസുരക്ഷാ വിദ്യാഭ്യാസത്തിന്റെ ആവശ്യകത മുമ്പൊരിക്കലും ഇത്ര നിർണായകമായിട്ടില്ല. അമ്പലത്തറ യു.പി സ്കൂളിലും പൂജപ്പുര യു.പി സ്കൂളിലും നടത്തിയ സ്വിം സേഫ് പ്രോഗ്രാം വിദ്യാഭ്യാസ മേഖലയിൽ ശ്രദ്ധേയമായ ചുവടുവയ്പ്പാണ്.

നീന്തലും ജലസുരക്ഷയും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യം, ശാരീരിക ക്ഷമത, ശാരീരിക പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ആഴത്തിലുള്ള ധാരണ വികസിപ്പിക്കാൻ വിദ്യാർഥികളെ സഹായിക്കുന്ന വിശാലവും പ്രവർത്തനപരവുമായ വീക്ഷണത്തോടെയാണ് പാഠ്യപദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. നേമം മണ്ഡലത്തിലെ നെടുങ്കാട് സർക്കാർ സ്കൂളിൽ നിർമാണം പുരോഗമിക്കുന്ന നീന്തൽ കുളത്തിൽ കുട്ടികൾക്ക് മാത്രമല്ല അമ്മമാർക്കും നീന്തൽ പരിശീലനത്തിനുള്ള സൗകര്യം ഏർപ്പെടുത്തുമെന്ന് മന്ത്രി അറിയിച്ചു.

ദി ജോർജ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഗ്ലോബൽ ഹെൽത്ത്, റോയൽ ലൈഫ് സേവിംഗ് എന്നിവയുടെ നേതൃത്വത്തിലാണ് അമ്പലത്തറ യുപി സ്കൂൾ, പൂജപ്പുര യുപി സ്കൂൾ എന്നിവിടങ്ങളിലെ 300 വിദ്യാർഥികൾക്ക് പരിശീലനം നൽകിയത്. നീന്തൽക്കുള നിർമാണത്തിനും പരിശീലനത്തിനുമായി 10 ലക്ഷം രൂപയാണ് വിനിയോഗിച്ചത്.

സ്കൂൾ തല സംരംഭങ്ങൾക്കപ്പുറം, നീന്തൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും ജല സുരക്ഷാ അവബോധം വർധിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ വിവിധ പരിപാടികൾ നടപ്പിലാക്കിവരികയാണ്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ബീറ്റ്സ് പദ്ധതി, പ്രത്യേക ശ്രദ്ധ ആവശ്യമുള്ള കുട്ടികൾക്കും ശാസ്ത്രീയ നീന്തൽ പരിശീലനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ വാർഷിക പദ്ധതികളിൽ നൂതന നീന്തൽ പരിശീലന പരിപാടികൾ ഉൾപ്പെടുത്തിക്കൊണ്ട് ശ്രദ്ധേയമായ പങ്ക് വഹിക്കുന്നു.

അമ്പലത്തറ യുപി സ്കൂളിൽ നടന്ന ചടങ്ങിൽ ദി ജോർജ് ഇൻസ്റ്റിറ്റ്യൂട്ട് പ്രതിനിധി ജഗ്നൂർ, ഓസ്ട്രേലിയൻ കോൺസുലേറ്റ് ജനറൽ പ്രതിനിധി സിലൈ സാക്കി, സ്കൂൾ ഹെഡ്മിസ്ട്രസ് അശ്വതി ആർ. കെ. എന്നിവർ പങ്കെടുത്തു.

## സംരംഭകരെ സാങ്കേതികവിദ്യയുടെ സാധ്യതകളിലേക്ക് നയിച്ച് ടെക്നോളജി ക്ലിനിക്ക്

**കൊല്ലം:** ചെറുകിട സംരംഭകർക്ക് മുന്നിൽ സാങ്കേതികവിദ്യയുടെ സാധ്യതകൾതുറന്നിട്ട് ഏകദിന ടെക്നോളജി ക്ലിനിക്ക്. ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആശ്രാമം കെ.എസ്.എസ്.ഐ.എ ഹാളിലാണ് 'റാമ്പ്' (റൈസിങ് ആൻഡ് ആക്സലറേറ്റിങ് എം.എസ്.എം.ഇ പെർഫോമൻസ്) പദ്ധതിയുടെ ഭാഗമായി ശിൽപശാല സംഘടിപ്പിച്ചത്. കിഴങ്ങ്വിളകൾ, ചക്ക, മറ്റ് കാർഷികവിളകൾ എന്നിവയിൽനിന്ന് പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് മൂല്യവർധിതഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിന്റെ സാധ്യതകളാണ് ചർച്ചയായത്. സംരംഭകരുടെ പ്രവർത്തനരീതികൾ മെച്ചപ്പെടുത്തലും ലക്ഷ്യമിടുന്നു. ഉദ്യം രജിസ്ട്രേഷനുള്ള ഭക്ഷ്യമേഖലയുമായി ബന്ധപ്പെട്ട സംരംഭകരാണ് ക്ലിനിക്കിൽ പങ്കാളികളായത്.

ജില്ലാ കലക്ടർ എൻ. ദേവിദാസ് ഉദ്ഘാടനം നിർവഹിച്ചു. സംസ്ഥാനം നിക്ഷേപകരെയും സംരംഭകരെയും കാത്തിരിക്കുകയാണെന്നും 20232024 സാമ്പത്തിക വർഷം ഏറ്റവും കൂടുതൽ വിദേശ നിക്ഷേപം ഉണ്ടായത് ജില്ലയിലാണെന്നും കലക്ടർ പറഞ്ഞു.

ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ കെ.എസ് ശിവകുമാർ അധ്യക്ഷനായി. കെ.എസ്.എസ്.ഐ.എ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ മുഖ്യപ്രഭാഷണം നടത്തി. വ്യവസായകേന്ദ്രം മാനേജർമാരായ ബിനു ബാലകൃഷ്ണൻ, ഐ. ജാസിം, എസ്. കിരൺ, കെ.എസ്.എസ്.ഐ.എ ജില്ലാ പ്രസിഡന്റ് എം. ജവഹർ, ഉപജില്ലാ വ്യവസായ ഓഫീസർ വി. ജയസാഗരൻ തുടങ്ങിയവർ പങ്കെടുത്തു. ഡോ. എം.എസ് സജീവ്, എ.എച്ച്. ഷംസിയ, ജി.ആർ ഷാജി എന്നിവർ വിവിധ സെഷനുകൾ നയിച്ചു.

## സംഘാടക സമിതി യോഗം ഇന്ന്

**തിരുവനന്തപുരം:** സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷം ഏപ്രിൽ 21 മുതൽ മെയ് 23വരെ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായുള്ള സംഘാടക സമിതി യോഗം മാർച്ച് 29ന് ഉച്ചയ്ക്ക് 2 മണിക്ക് ജില്ലാ പഞ്ചായത്ത് കാര്യാലയത്തിലെ ഇ.എം.എസ് ഹാളിൽ ചേരും. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി.ശിവൻകുട്ടി അധ്യക്ഷത വഹിക്കും. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ അനിൽ സന്നിഹിതനായിരിക്കും.

വാർഷികാഘോഷങ്ങളുടെ ഭാഗമായി എല്ലാ ജില്ലകളിലും നടത്തുന്ന എന്റെ കേരളം പ്രദർശന വിപണന മേള ജില്ലയിൽ മെയ് 17 മുതൽ 23വരെ പുത്തരിക്കണ്ടം മൈതാനത്ത് സംഘടിപ്പിക്കും.

ഏപ്രിൽ 21ന് കാസർകോഡ് സംസ്ഥാനതല ഉദ്ഘാടന സമ്മേളനവും മെയ് 23ന് തിരുവനന്തപുരത്ത് സംസ്ഥാനതല സമാപന സമ്മേളനവും നടത്താനാണ് തീരുമാനം.

സൊസൈറ്റി ടുഡേ
SOCIETY TODAY



# കൃത്രിമത്വം ഇല്ലാത്ത സേവനം ഡോക്ടർമാർ മുഖമുദ്രയാക്കണം: ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ

**കൊച്ചി:** കൃത്രിമത്വം ഇല്ലാത്ത സേവനം ഡോക്ടർമാർ മുഖമുദ്രയാക്കണമെന്ന് ഹൈക്കോടതി ജഡ്ജ് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ. അമൃത വിശ്വ വിദ്യാപീഠം സ്കൂൾ ഓഫ് മെഡിസിനിലെ ബിരുദദാന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കർമ്മ മേഖലയിൽ മികവ് വർദ്ധിപ്പിക്കേണ്ടത് രാജ്യത്തെ ഓരോ പൗരന്റെയും നിയമം മൂലമുള്ള കർത്തവ്യമാണ് എന്നും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ചൂണ്ടിക്കാട്ടി. മാതാ അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണാമൃതാനന്ദപുരി ഭദ്രദീപം കൊളുത്തി ചടങ്ങുകൾക്ക് തുടക്കം കുറിച്ചു. കൂടുതൽ വിജ്ഞാനം നേടുംതോറും നമുക്കുള്ളിലെ അജ്ഞതയെ കൂടുതൽ അടുത്തറിയാൻ സാധിക്കുമെന്ന് അനുഗ്രഹ പ്രഭാഷണത്തിൽ അദ്ദേഹം പറഞ്ഞു. അമൃത സ്കൂൾ ഓഫ് മെഡിസിൻ പ്രിൻസിപ്പൽ ഡോ. ഗിരീഷ് കുമാർ കെപി എംബിബിഎസ് ബിരുദദാരികൾക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അമൃത ന്യൂറോളജി വിഭാഗം പ്രൊഫസർ ഡോ. ജോർജ് മാത്യൂസ് ജോൺ, അമൃത സ്കൂൾ ഓഫ് മെഡിസിൻ വൈസ് പ്രിൻസിപ്പൽ ഡോ. എ. ആനന്ദ് കുമാർ, ഫിസിയോളജി വിഭാഗം മേധാവി പ്രൊഫസർ ഡോ. സരസ്വതി എൽ., പീഡിയാട്രിക്സ് വിഭാഗം മേധാവി പ്രൊഫസർ ഡോ.സി ജയകുമാർ, അനാട്ടമി വിഭാഗം മേധാവി ഡോ. മിന്നി പിള്ള എന്നിവർ ചടങ്ങിൽ സംസാരിച്ചു.2019 ബാച്ചിൽ നിന്നുള്ള 89 വിദ്യാർത്ഥികൾ ആണ് വൈദ്യപഠനം പൂർത്തിയാക്കി ബിരുദം ഏറ്റുവാങ്ങിയത്.



# ഡോ.എൽ സുനിതാ ബായ് പുരസ്കാരങ്ങൾ വിതരണം ചെയ്തു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഹിന്ദി വകുപ്പിൽ പ്രൊഫസറായിരുന്ന ഡോ. എൽ സുനിതാ ബായിയുടെ സ്മരണാർത്ഥം അഡ്വ. വി ബാലകൃഷ്ണ ഷേണായി ഏർപ്പെടുത്തിയ ഡോ. എൽ സുനിതാ ബായി ജ്ഞാൻ പുരസ്കാർ, ഡോ. എൽ. സുനീതാ ബായ് ധീഷണാ പുരസ്കാർ, ഡോ. എൽ. സുനീതാ ബായ് മേധാ പുരസ്കാർ എന്നീ പുരസ്കാരങ്ങൾ വിതരണം ചെയ്തു. കുസാറ്റിലെ ഹിന്ദി ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച പരിപാടി സർവകലാശാല വൈസ് ചാൻസലർ ഡോ എം ജുനൈദ് ബുഷിരി ഉദ്ഘാടനം ചെയ്തു.

കേരളത്തിൽ നിന്നുള്ള മികച്ച ഹിന്ദി സാഹിത്യ നിരൂപകയ്ക്കുള്ള ഡോ. എൽ. സുനീതാ ബായ് ജ്ഞാൻ പുരസ്കാർ2024 നായി തിരഞ്ഞെടുക്കപ്പെട്ടത് പ്രൊഫസർ ഡോ. സുമ എസ് നെ ആണ്. 'ഡാണ്ടിയ വിശ്വ വിദ്യാലയ' നൽകുന്ന പ്യാരിദേവി ഘാസിറാം സാഹിത്യ സമ്മാൻ, രാജസ്ഥാനിലെ 'സാഹിത്യ മണ്ടൽ' നൽകുന്ന ശ്രി രവീന്ദ്ര ഗുർജർ സ്മൃതി സമ്മാൻ, ആഗ്രയിലെ 'ബ്രിജ്‌ലോക് സാഹിത്യ കലാ സംസ്കൃതി അക്കാദമി' നൽകുന്ന ആദർശ ശിക്ഷികാ സമ്മാൻ എന്നിങ്ങനെ നിരവധി ദേശീയ അന്താരാഷ്ട്ര അംഗീകാരങ്ങൾ സ്വന്തമാക്കിയിട്ടുണ്ട്. 15,000 രൂപയാണ് സമ്മാന തുകയായി ലഭിച്ചത്.

ഹിന്ദിയിൽ നിന്നു മലയാളത്തിലേക്ക് തർജ്ജമ ചെയ്ത മികച്ച കൃതിക്കുള്ള ഡോ. എൽ. സുനീതാ ബായ് ധീഷണാ പുരസ്കാരം പ്രൊഫസർ ഡോ. ആർ. ശശിധരൻ, ഡോ. സംഗീത കെ എന്നിവർക്കാണ് ലഭിച്ചത്. കുസാറ്റിലെ മുൻ വൈസ് ചാൻസലറും സീനിയർ പ്രൊഫസറുമായ പ്രൊഫസർ ഡോ. ആർ. ശശിധരൻ നിലവിൽ എമിരിറ്റസ് പ്രൊഫസറാണ്.

ഡോ. സംഗീത കെ. ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ കൊയിലാണ്ടിയിലെ പ്രാദേശിക കേന്ദ്രത്തിൽ ഹിന്ദി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ്. 10,000 രൂപയാണ് വിജയികൾക്ക് സമ്മാന തുകയായി ലഭിച്ചത്.കുസാറ്റിലെ എം. എ. ഹിന്ദി ഫൈനൽ പരീക്ഷയിൽ ഒന്ന്, രണ്ട് റാങ്കുകൾ നേടിയ വിദ്യാർത്ഥികൾക്കുള്ള ഡോ. എൽ. സുനീതാ ബായ് മേധാ പുരസ്കാരത്തിന് പി. വി. ജൂവിൻ സ്റ്റെല്ല, പ്രിയ ടി. പ്രകാശ്, സനിക രാജ്, എസ്. ശ്രേയ എന്നിവരാണ് അർഹരായത്. ഒന്നാം സ്ഥാനത്തിന് 3,000 രൂപയും രണ്ടാം സ്ഥാനത്തിന് 2,000 രൂപയുമാണ് സമ്മാന തുകയായി ലഭിച്ചത്.

കുസാറ്റ് വൈസ് ചാൻസലർ പ്രൊഫസർ ഡോ. എം. ജൂനൈദ് ബുഷിരിയാണ് വിജയികൾക്കായുള്ള സമ്മാനദാനം നിർവഹിച്ചത്.

വകുപ്പ് മേധാവി ഡോ പ്രണീത പി. അധ്യക്ഷത വഹിച്ച യോഗത്തിൽ സിന്റിക്കേറ്റ് മെമ്പർ പി. കെ ബേബി, രജിസ്ട്രാർ ഡോ. അരുൺ എ.യു. ഡീൻ ഡോ.കെ അജിത, സുശീല ഡാക്ക് ഭൗരെ, രാമചന്ദ്രൻ കെ. കെ എന്നിവർ പരിപാടിയിൽ സംസാരിച്ചു.




# മരുമകൾ ഡോക്ടറായി; സർട്ടിഫിക്കറ്റ് സമ്മാനിച്ച് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ

**കൊച്ചി:** അമൃത വിശ്വവിദ്യാപീഠം കൊച്ചി ക്യാമ്പസിലെ സ്കൂൾ ഓഫ് മെഡിസിൻ ബിരുദദാന ചടങ്ങ് ആണ് കൗതുക നിമിഷത്തിന് വേദിയായത്. 2019 ബാച്ചിൽ നിന്നും എംബിബിഎസ് പഠനം പൂർത്തിയാക്കിയ 89 പേരിൽ ഡിസ്റ്റിംഗ്ഷൻ നേടി പാർവതി നമ്പ്യാർ. ചടങ്ങിലെ മുഖ്യാതിഥിയായി എത്തിയത് ഭർതൃപിതാവും കേരള ഹൈക്കോടതി ജഡ്ജുമായ ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ. പ്രമുഖ അഭിഭാഷകർ ഉൾപ്പെട്ട കുടുംബത്തിലേക്ക് ഒരു ഡോക്ടർ എത്തുന്നതിലെ സന്തോഷം ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ തന്റെ പ്രസംഗത്തിൽ പങ്കുവെച്ചു. കുടുംബം പഠനത്തിന് മികച്ച പിന്തുണ നൽകിയതായി പാർവതി നമ്പ്യാർ പറഞ്ഞു. ബിരുദദാന ചടങ്ങിന് സാക്ഷ്യം വഹിക്കാൻ പാർവതി നമ്പ്യാരുടെ ഭർത്താവ് അഡ്വ. ശശാങ്ക് ദേവനും കുടുംബത്തിന് ഒപ്പം എത്തിയിരുന്നു.



# ജി.അപർണയ്ക്കും, ഗ്രേസ് പി. ജോൺസിനും ഇറാസ്മസ് പ്ലസ് സ്കോളർഷിപ്പ്

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ ഗവേഷക വിദ്യാർത്ഥിനികളായ ജി. അപർണ, ഗ്രേസ് പി. ജോൺസ് എന്നിവർ 2025ലെ ഇറാസ്മസ് പ്ലസ് സ്കോളർഷിപ്പിന് അർഹരായി. വിയന്നയിലെ സെൻട്രൽ യൂറോപ്യൻ യൂണിവേഴ്സിറ്റിയിലാണ് ഇറാസ്മസ് പ്ലസ് പ്രോഗ്രാമിലൂടെ ഉന്നതപഠനത്തിന് ഇവർക്ക് അവസരം ലഭിച്ചിരിക്കുന്നത്. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല കൂടാതെ ശിവാജി സർവ്വകലാശാല, ഹൈദ്രാബാദ് കേന്ദ്ര സർവ്വകലാശാല എന്നീ സർവ്വകലാശാലകളിലെ വിദ്യാർത്ഥികൾക്ക് മാത്രമാണ് 2025ൽ ഇറാസ്മസ് പ്ലസ് പ്രോഗ്രാമിൽ സ്കോളർഷിപ്പ് ലഭിച്ചിട്ടുള്ളു. മാസം 850 യൂറോ സ്കോളർഷിപ്പായി ലഭിക്കും. ട്യൂഷൻ ഫീ, എൻറോൾമെന്റ് ഫീ, ഫ്ളൈറ്റ് ടിക്കറ്റ് എന്നിവ സൗജന്യമാണ്.സോഷ്യോളജി വിഭാഗത്തിലെ ഗവേഷക വിദ്യാർത്ഥിനിയായ അപർണയുടെ ഗവേഷണവിഷയം 'സ്കൂളിംഗ് നാഷണലിസം ആൻഡ് എഡ്യൂക്കേഷൻ ഇൻ ഇന്ത്യ' എന്നതാണ്. വിയന്നയിലെ സെൻട്രൽ യൂറോപ്യൻ യൂണിവേഴ്സിറ്റിയിൽ നാഷണലിസം സ്റ്റഡീസ് പ്രോഗ്രാം ഡിപ്പാർട്ട്മെന്റിലാണ് ഏപ്രിൽ ഏഴ് മുതൽ ജൂൺ 13 വരെ സ്കോളർഷിപ്പോടെയുള്ള ഉന്നതപഠനത്തിന് അവസരം ലഭിച്ചിരിക്കുന്നത്. എറണാകുളം ജില്ലയിലെ കാലടി, വെളിയത്ത് പി. ഗിരിധരന്റെയും എസ്. വീണയുടെയും മകളാണ് അപർണ.ചരിത്രവിഭാഗത്തിലെ ഗവേഷക വിദ്യാർത്ഥിനിയായ ഗ്രേസ് പി. ജോൺസിന്റെ ഗവേഷണവിഷയം 'ഫാമിലീസ് ആൻഡ് എവരിഡേ ലൈഫ് : ഹിസ്റ്ററി ഓഫ് ലിറ്റിൽ ടെക്നോളജീസ് ഇൻ 20വേ സെഞ്ചുറി കേരള' എന്നതാണ്. വിയന്നയിലെ സെൻട്രൽ യൂറോപ്യൻ യൂണിവേഴ്സിറ്റിയിൽ ഹിസ്റ്റോറിക്കൽ സ്റ്റഡീസ് ഡിപ്പാർട്ടുമെന്റിലാണ് സെപ്തംബർ ഒന്ന് മുതൽ ഡിസംബർ 31വരെ സ്കോളർഷിപ്പോടെയുള്ള ഉന്നതപഠനത്തിന് അവസരം ലഭിച്ചിരിക്കുന്നത്. എറണാകുളം ജില്ലയിലെ കരുമാല്ലൂർ തൈപ്പറമ്പിൽ ടി.ഒ. അലക്സാണ്ടറുടെയും ഓമനയുടെയും മകളാണ് ഗ്രേസ്.സ്റ്റുഡന്റ് ഫാക്കൽട്ടി എക്സ്ചേഞ്ചുകൾക്കും അക്കാദമിക് സഹകരണത്തിനുമായി വിയന്നയിലെ സെൻട്രൽ യൂറോപ്യൻ യൂണിവേഴ്സിറ്റിയുമായി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ധാരണാപത്രത്തിൽ ഒപ്പിടുന്നത് 2024ലാണ്. ഇറാസ്മസ് പ്ലസ് പ്രോഗ്രാമിലേക്ക് തെരഞ്ഞെടുക്കപ്പെട്ട കേരളത്തിലെ ഏക വിദ്യാഭ്യാസ സ്ഥാപനം ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയാണ്.

## ഐ.സി.എൽ ഫിൻകോർപ്പിന്റെ ബ്രാഞ്ചുകൾ 30 ന് തുറക്കും

**കൊച്ചി;** ഐ.സി.എൽ ഫിൻകോർപ്പിന്റെ എല്ലാ ബ്രാഞ്ചുകളും സാമ്പത്തിക വർഷം അവസാനിക്കുന്നതിന്റെ ഭാഗമായി മാർച്ച് 30 ന് തുറന്നു പ്രവർത്തിക്കുമെന്ന് കമ്പനി അധികൃതർ അറിയിച്ചു. അന്നേ ദിവസം ഉപഭോക്താക്കൾക്ക് എല്ലാ സേവനും ബ്രാഞ്ചുകൾ വഴി ലഭ്യമാകുമെന്നും അധികൃതർ വ്യക്തമാക്കി.

## സ്റ്റഡ്സ് ആക്സസറീസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** സ്റ്റഡ്സ് ആക്സസറീസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടു രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. ഓഹരി ഒന്നിന് അഞ്ച് രൂപ മുഖവിലയുള്ള 7,786,120 ഇകിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ഐഐഎഫ്എൽ ക്യാപിറ്റൽ സർവീസസ് ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## മുത്തൂറ്റ് എക്സിം ഗോൾഡ് പോയിന്റ് കോഴിക്കോട് തുറന്നു

**കൊച്ചി:** മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന്റെ പ്രഷ്യസ് മെറ്റൽ വിഭാഗമായ മുത്തൂറ്റ് എക്സിം (പ്രൈ) ലിമിറ്റഡ കോഴിക്കോട് ശാഖ തുറന്നു. കോഴിക്കോട്, പാളയം , അപ്സര തിയേറ്ററിന് സമീപമുള്ള ലിങ്ക് റോഡിലെ പാർക്കോ ബിൽഡിങ്ങിന്റെ ഒന്നാം നിലയിലാണ് പുതിയ ശാഖ പ്രവർത്തിക്കുന്നത്.ഇത് മുത്തൂറ്റ് എക്സിമിന്റെ ഇന്ത്യയിലെ 43 ാമത് ഗോൾഡ് പോയിന്റ് സെന്ററും കേരളത്തിലെ നാലാമത്തെ ശാഖയുമാണ്.

## ഈദ് സേവേഴ്സ് സെയിലുമായി ലുലു ഹൈപ്പർമാർക്കറ്റ്

**കൊച്ചി:** റംസാൻ ആഘോഷമാക്കി ലുലുമാളിൽ ഈദ് സേവേഴ്സ് സെയിലിന് തുടക്കമായി. ഈദ് വിഭവങ്ങളുടെ ശ്രേണിയിൽ അരി, ബിരിയാണി അരി, നെയ്, ഈന്തപ്പഴം തുടങ്ങി നിത്യോപയോഗ ഉത്പ്പന്നങ്ങളും ഓഫർ വിലയിൽ ലഭ്യമാകുമെന്ന് ലുലു അധികൃതർ അറിയിച്ചു. ഈദ് സെയിൽ ഏപ്രിൽ 6 വരെ തുടരും. ലുലുവിൽ ഒരുക്കിയ റമസാൻ സ്ട്രീറ്റിൽ നോമ്പ് തുറയ്ക്കാവശ്യമായ നാടൻ ഭക്ഷണങ്ങളും, തനി മലയാളി രുചികളും ഒരുക്കി ഈദ് സ്ട്രീറ്റ് വിപണി തുടരുകയാണ്. നാടൻ ചായക്കട മുതൽ തനത് മലയാളി ശൈലിയിലുള്ള എല്ലാ ലഘുഭക്ഷണങ്ങളും റംസാൻ സ്ട്രീറ്റിലെ ആകർഷണമാണ്. വ്യത്യസ്തതരം മെലനുകളുമായുള്ള മെലന് ഫെസ്റ്റും ഈദ് ഫെസ്റ്റിലെ പ്രധാന ആകർഷണമാണ്. റംസാൻ ദിനത്തിൽ ഈദ് സ്പെഷ്യൽ ബിരിയാണി കോമ്പോ നേരിട്ടും ഓൺലൈൻ വഴിയും മുൻകൂട്ടി ഓർഡർ ചെയ്യാനുള്ള അവസരവും ലുലു ഒരുക്കിയിട്ടുണ്ട്. ഇതിനോടൊപ്പം ഹോം ഡെലിവറി സംവിധാനവും നിശ്ചിതപരിധിയിൽ ഉണ്ടാകും. ലുലു ഹൈപ്പർമാർക്കറ്റിൽ അടുക്കള ഉപകരണങ്ങൾക്ക് 50 ശതമാനം വരെ ഓഫർ സെയിൽ തുടരുകയാണ്.ഈദ് സേവേഴ്സ് സെയിലിന്റെ ഭാഗമായി ലുലു ഫാഷൻ സ്റ്റോറിൽ ലേഡിസ് , ജെൻസ് , കുട്ടികളുടെ വസ്ത്രങ്ങൾക്ക് അടക്കം ഓഫർ വിലയിൽ സ്വന്തമാക്കാം. ബെഡ്ഷീറ്റ്, തലയിണ, വീട് അലങ്കരിക്കാൻ ആവശ്യമായ വസ്തുക്കൾ അടക്കം നിരവധി ഓഫറുകളുമുണ്ട്. റംസാൻ ഓഫർ സെയിലിനൊപ്പം തുടരുന്ന സമ്മർ ഓഫറിന്റെ ഭാഗമായി എ.സി , കൂളർ, ഫാൻ എന്നിവ ഓഫറിൽ സ്വന്തമാക്കാം. 1 രൂപ ഡൗൺ പെയ്മെന്റിൽ എ.സി വാങ്ങുവാനുള്ള അവസരം ലുലു കണക്ടിൽ ഒരുക്കിയിട്ടുണ്ട്. ഇതിനോടൊപ്പം ലുലു ഫാഷൻ സ്റ്റോറിൽ പ്രവർത്തിക്കുന്ന ൦ ഐ. എക്സ്പ്രസിൽ സമ്മർ സെയിലിന്റെ ഭാഗമായി സൺഗ്ലാസ്, വിവിധ തരം ബ്രാൻഡുകളുടെ കണ്ണടകൾ തുടങ്ങിയവയ്ക്ക് കിഴിവ് പ്രഖ്യാപിച്ചിട്ടുണ്ട്.

## ഇന്ത്യയിലെ ഏറ്റവും സുസ്ഥിര റീട്ടെയിൽ കമ്പനിയായി ആദിത്യ ബിർള ഫാഷൻ ആൻഡ് റീട്ടെയിൽ

**ന്യൂഡൽഹി:** ഇന്ത്യൻ റീട്ടെയിൽ കമ്പനികളിൽ ഒന്നാം സ്ഥാനവും മൊത്തത്തിലുള്ള റീട്ടെയിൽ വിഭാഗത്തിൽ ആഗോളതലത്തിൽ നാലാം സ്ഥാനവും കൈയടക്കി ആദിത്യ ബിർള ഫാഷൻ ആൻഡ് റീട്ടെയിൽ ലിമിറ്റഡ്.

പരിസ്ഥിതി, സാമൂഹിക, ഭരണ (ഇഎസ്!ജി) മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ലോകമെമ്പാടുമുള്ള ആയിരക്കണക്കിന് കമ്പനികളെ വിലയിരുത്തുന്ന കോർപ്പറേറ്റ് സുസ്ഥിരതാ പ്രകടനത്തിനുള്ള വ്യാപകമായി അംഗീകരിക്കപ്പെട്ട ഒരു മാനദണ്ഡമാണ് എസ് & പി ഗ്ലോബൽ കോർപ്പറേറ്റ് സസ്റ്റൈനബിലിറ്റി അസസ്മെൻറ് (സിഎസ്എ).

കോർപ്പറേറ്റ് സസ്റ്റൈനബിലിറ്റി അസസ്മെന്റിലെ (സിഎസ്എ) പ്രകടനത്തെ അടിസ്ഥാനമാക്കിയാണ് എസ് & പി ഗ്ലോബൽ സസ്റ്റൈനബിലിറ്റി ഇയർബുക്ക് കമ്പനികളെ വിലയിരുത്തുന്നത്. ആഗോളതലത്തിലും ദേശീയ തലത്തിലും കോർപ്പറേറ്റ് സുസ്ഥിരതാ രീതികൾ പ്രകടിപ്പിക്കുന്ന കമ്പനികളെ ഇത് വേർതിരിക്കുന്നു.




## കാർഷിക മേഖലയിൽ സ്മാർട്ട് ഓട്ടോമേഷൻ സംവിധാനങ്ങൾ അവതരിപ്പിച്ച് ലോറിക് നുഡ്സൺ

**കൊച്ചി:** ജലസേചന സംവിധാനങ്ങൾ വിദൂരമായി നിയന്ത്രിക്കാൻ കർഷകരെ സഹായിക്കുന്ന സ്മാർട്ട് കോം അടക്കം നിരവധി അത്യാധുനിക സംവിധാനങ്ങൾ പുറത്തിറക്കി ഇന്ത്യൻ ഇലക്ട്രിക്കൽ ഓട്ടോമേഷൻ വ്യവസായ രംഗത്തെ മുൻനിരക്കാരിലൊന്നായ ലോറിക് നുഡ്സൺ . തങ്ങളുടെ വിഭവങ്ങൾ ഏറ്റവും മികച്ച രീതിയിൽ ഉപയോഗിക്കാനും കൂടുതൽ ഫലപ്രദമായ സ്മാർട്ട് സംവിധാനങ്ങൾ പ്രയോജനപ്പെടുത്താനും 25,000ത്തിൽ ഏറെ കർഷകരെ ശാക്തീകരിക്കാനാണ് ലോറിക് നുഡ്സൺ ഇലക്ട്രിക്കൽ ആൻറ് ഓട്ടോമേഷൻ (പഴയ എൽ ആൻറ് ടി സ്വിച്ച്ഗിയർ) അവതരിപ്പിക്കുന്ന പുതിയ സംവിധാനങ്ങളിലൂടെ ലക്ഷ്യമിടുന്നതെന്ന് ലോറിക് നുഡ്സൺ ചീഫ് ഓപറേറ്റിങ് ഓഫീസർ നരേഷ് കുമാർ പറഞ്ഞു. ജലം പാഴായിപ്പോകുന്നത് ഒഴിവാക്കാനും സുസ്ഥിര കാർഷിക രീതികൾക്ക് കൂടുതൽ സംഭാവനകൾ നൽകാനും സാധിക്കുന്ന രീതിയിലാണ് തങ്ങളുടെ ഉൽപന്നങ്ങൾ രൂപകൽപന ചെയ്തിട്ടുള്ളത്.സാങ്കേതികവിദ്യയുടെ നേട്ടങ്ങൾ ഗ്രാമീണ ഇന്ത്യയിലേക്കു കൊണ്ടു വരുന്നതിലാണ് തങ്ങൾ വിശ്വസിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. 25,000ത്തിൽ ഏറെ കർഷകരെ പരമ്പരാഗത കാർഷിക രീതികളിൽ നിന്ന് ആധുനീക ഓട്ടോമേറ്റഡ് കൃഷി രീതികളിലേക്ക് കൊണ്ടു വന്ന് 1,20,000 ഹെക്ടർ ഭൂമിയിൽ വരും വർഷങ്ങളിൽ അധിമായി സേവനം നൽകാനാണ് തങ്ങൾ ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



## ലാസ്റ്റ് മാൻ സ്റ്റാൻഡ്സ് ക്രിക്കറ്റ് ഇനി കേരളത്തിലും

**കൊച്ചി:** അമചർ ക്രിക്കറ്റിനെ പ്രോത്സാഹിപിക്കുന്നതിനായി ദക്ഷിണാഫ്രിക്കൻ ക്രിക്കറ്റ് ഇതിഹാസം എ.ബി ഡിവില്ലേഴ്സ് ബ്രാൻഡ് അംബാസിഡറായിട്ടുള്ള ലാസ്റ്റ് മാൻ സ്റ്റാൻഡ്സ് ക്രിക്കറ്റ് ഇനി കേരളത്തിലും സജീവമാകും. കേരള ക്രിക്കറ്റ് ലീഗിലെ കൊച്ചിയുടെ ഔദ്യോഗിക ടീമായ കൊച്ചി ബ്ലൂടൈഗേഴ്സിന്റെ ആഭിമുഖ്യത്തിലാണ് ലാസ്റ്റ് മാൻ സ്റ്റാൻഡ്സ് ടി20 ലീഗ് കേരളത്തിൽ നടക്കുക. കഴിഞ്ഞ ദിവസം കൊച്ചിയിൽ നടന്ന സെലിബ്രിറ്റി ക്രിക്കറ്റ് ലീഗിന്റെ ലോഞ്ചിങ് വേദിയിലാണ് ബ്ലൂടൈഗേഴ്സ് ടീം മാനേജ്മെന്റ് പുതിയ സംരംഭത്തിന്റെ പ്രഖ്യാപനം നടത്തിയത്. കൊച്ചി ബ്ലൂടൈഗേഴ്സിന്റെ ഉടമയും സിനിമാ നിർമ്മാതാവും ധോണി ആപ്പിന്റെ ഫൗണ്ടറുമായ അഡ്വ. സുഭാഷ് മാനുവലാണ് ലാസ്റ്റ് മാൻ സ്റ്റാൻഡ്സ് ടി20 കേരളത്തിലെ ക്രിക്കറ്റ് പ്രേമികൾക്കിടയിൽ എത്തിക്കുന്നത്.

കേരളത്തിന്റെ ക്രിക്കറ്റ് മേഖലയ്ക്ക് പുത്തൻ ഉണർവ് പകരുന്നതിനോട് ഒപ്പം നമ്മുടെ ക്രിക്കറ്റ് രംഗത്തെ ആഗോളതലത്തിലേക്ക് വളർത്തുവാനും ഇതിലൂടെ സാധിക്കുമെന്ന് സുഭാഷ് മാനുവൽ പറഞ്ഞു. സെലിബ്രിറ്റീസ്, പ്രൊഫഷണൽസ് തുടങ്ങി ക്രിക്കറ്റ് താരങ്ങൾക്ക് വരെ സംസ്ഥാന, ദേശിയ, അന്തർദേശിയ മത്സരങ്ങളിൽ പങ്കെടുക്കാനുള്ള അവസരവും ഇതിലൂടെ ലഭിക്കുമെന്നും കേരളത്തിൽ തന്നെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ക്രിക്കറ്റ് എക്സ്പീരിയൻസ് ചെയ്യാൻ കഴിയുമെന്നും അദ്ദേഹം വ്യക്തമാക്കി.

കേരള ടി20 ലീഗിൽ വിജയിക്കുന്നവർക്ക് ലാസ്റ്റ് മാൻ സ്റ്റാൻഡ്സിന്റെ ദേശിയ മത്സരമായ ഇന്ത്യൻ സൂപ്പർ സീരിയസിൽ പങ്കെടുക്കാനുള്ള അവസരമുണ്ടാകും. ദേശിയ തലത്തിൽ മികച്ച പ്രകടനം കാഴ്ച്ചവെക്കുന്നവർക്ക് 14 രാജ്യങ്ങൾ പങ്കെടുക്കുന്ന അമചർ വേൾഡ് കപ്പിലേക്ക് പ്രവേശനം ലഭിക്കുമെന്നതാണ് പ്രത്യേകത. ഈ വർഷം നടന്ന അമചർ വേൾഡ് കപ്പിൽ യുകെയിൽ നിന്ന് തെരഞ്ഞെടുത്ത ടീമാണ് എംഎംഎം സിനിമയുടെ നിർമ്മാതാക്കളിൽ ഒരാളായ സുഭാഷ് മാനുവൽ ക്യാപ്റ്റനായ ബ്ലൂടൈഗേഴ്സ് യു.കെ അമചർ ടീം. കേരളത്തിൽ ഇത്തരത്തിലൊരു മത്സരം സംഘടിപ്പിക്കുന്നതിലൂടെ കൂടുതൽ പേർക്ക് ക്രിക്കറ്റിലേക്ക് എത്തുവാനും അതിലൂടെ പ്രമുഖ ക്രിക്കറ്റ് താരങ്ങൾക്ക് ഒപ്പം കളിക്കാനുള്ള അവസരവും ലഭിക്കുമെന്നും ബ്ലൂടൈഗേഴ്സ് ടീം മാനേജ്മെന്റ് അറിയിച്ചു.




# നോ ടു ഡ്രഗ്സ് പ്രതിജ്ഞ: പ്രഖ്യാപനം നടത്തി ജെയിൻ യൂണിവേഴ്സിറ്റി

**കൊച്ചി:** ഫ്യൂച്ചർ കേരള മിഷന്റെ ഭാഗമായി ജെയിൻ യൂണിവേഴ്സിറ്റി പ്രവേശന നടപടിക്കൊപ്പം നോ ടു ഡ്രഗ്സ് പ്രതിജ്ഞ നിർബന്ധമാക്കിയതിന്റെ ഔദ്യോഗിക പ്രഖ്യാപനം നടത്തി. ലഹരി വിരുദ്ധ ക്യാംപയിന്റെ ഭാഗമായി യൂണിവേഴ്സിറ്റിയുടെ കൊച്ചി ക്യാമ്പസിൽ നടന്ന ചടങ്ങിലാണ് പദ്ധതി ഔദ്യോഗികമായി പ്രഖ്യാപിച്ചത്. താരങ്ങളായ മോഹൻലാൽ, പൃഥ്വിരാജ്, ജെയിൻ യൂണിവേഴ്സിറ്റി ന്യൂ ഇനിഷ്യേറ്റീവ്സ് ഡയറക്ടർ ഡോ. ടോം ജോസഫ്, പി.വി.സി ഡോ. ജെ ലത എന്നിവർ ചേർന്നാണ് പ്രഖ്യാപനം നടത്തിയത്. എംപുരാൻ ചലച്ചിത്ര ടീം അംഗങ്ങളായ മഞ്ജു വാര്യർ, ഇന്ദ്രജിത്ത്, ടൊവിനോ തോമസ്, ആന്റണി പെരുമ്പാവൂർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.തുടർന്ന് ഡ്രോൺ ഷോയും സംഘടിപ്പിച്ചു. ലഹരി ശൃംഖല തകർക്കുന്ന ഉരുക്കു കരത്തിന്റെ രൂപത്തിൽ 250 ഓളം ഡ്രോണുകൾ ആകാശത്തു വിരിഞ്ഞ വിസ്മയക്കാഴ്ച്ചയ്ക്ക് കൊച്ചി സാക്ഷിയായി.  യൂണിവേഴ്സിറ്റിയുടെ സഹകരണത്തോടെ ഇൻഫോപാർക്ക് ജനമൈത്രി പൊലീസിന്റെ നേതൃത്വത്തിൽ നടക്കുന്ന ക്യാംപയിന്റെ പോസ്റ്റർ എസ്.എച്ച്.ഒ ജെ.എസ് സജീവ് കുമാർ, ബീറ്റ് ഓഫീസർ ബൈജു പി വർഗീസ് എന്നിവരിൽ നിന്ന് മോഹൻലാൽ ഏറ്റുവാങ്ങി. ലഹരി വിരുദ്ധ സന്ദേശം ഉയർത്തി ഏറ്റവും കൂടുതലാളുകളെ പങ്കെടുപ്പിച്ച് ഒരു യൂണിവേഴ്സിറ്റി ക്യാംപസിൽ നടത്തിയ ഡ്രോൺ ഷോയ്ക്കുള്ള ഏഷ്യൻ ബുക്ക് ഓഫ് റെക്കോഡ്സും ഇന്ത്യൻ ബുക്സ് ഓഫ് റെക്കോഡ് നേട്ടവും പരിപാടിക്ക് ലഭിച്ചു.പ്രവേശന വേളയിൽ ലഹരി ഉപയോഗിക്കില്ലെന്ന് രേഖാമൂലം എഴുതി വാങ്ങുന്നതിലൂടെ ക്യാമ്പസിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ ഉത്തരവാദിത്തം, ലീഡർഷിപ്പ്, സത്യസന്ധത എന്നീ മൂല്യങ്ങൾ ഉറപ്പാക്കുവാനും സർവകലാശാലയ്ക്ക് കഴിയുമെന്ന് കൊച്ചി ജെയിൻ യൂണിവേഴ്സിറ്റി ന്യൂ ഇനിഷ്യേറ്റീവ്സ് ഡയറക്ടർ ഡോ. ടോം ജോസഫ് പറഞ്ഞു.

# ഇന്റർസിറ്റി ബസ് യാത്രയിൽ 107 % വർധനയെന്ന് റെഡ്ബസ്

**കൊച്ചി:** വാരാന്ത്യത്തിൽ കേരളത്തിലെ ഇന്റർസിറ്റി ബസ് യാത്രയിൽ 107 ശതമാനം വർധന ഉണ്ടായതായി റെഡ്ബസ് റിപ്പോർട്ട് ചെയ്തു. നീണ്ട വാരാന്ത്യങ്ങൾക്കും ആഘോഷങ്ങൾക്കും ശേഷം ആളുകൾ ജോലിയിലേക്കും കോളേജിലേക്കും തിരികെ പോകുന്നതാണ് വർധനയ്ക്ക് കാരണമെന്ന് റിപ്പോർട്ടിൽ പറയുന്നു. സംസ്ഥാനത്തുടനീളം സൗകര്യപ്രദവും ചെലവ് കുറഞ്ഞതുമായ ഗതാഗത മാർഗ്ഗമെന്ന നിലയിൽ ബസുകളെ ആശ്രയിക്കുന്നതിലെ വർധനയാണ് ഈ കുതിച്ചുചാട്ടം സൂചിപ്പിക്കുന്നതെന്ന് റെഡ്ബസ് വ്യക്തമാക്കുന്നു. റെഡ്ഫോം പ്ലാറ്റ്ഫോമിൽ നിന്നുള്ള ബുക്കിംഗുകളെയും പ്രൊജക്ഷനുകളെയും അടിസ്ഥാനമാക്കിയുള്ളതാണ് പുതിയ കണക്കുകളെന്ന് റെഡ് ബസ് പറയുന്നു.

റെഡ് ബസ് വഴിയുള്ള ആകെ ബുക്കിംഗുകളിൽ 65 % അന്തർസംസ്ഥാന യാത്രയ്ക്ക് വേണ്ടിയുള്ളതായിരുന്നപ്പോൾ, 35% സംസ്ഥാനത്തിനുള്ളിലെ യാത്രകൾക്കായി ഉപയോഗിച്ചതായി കണക്കുകൾ വ്യക്തമാക്കുന്നു. ഏകദേശം 67% യാത്രക്കാരും എസി ബസ് തിരഞ്ഞെടുത്തപ്പോൾ

യാത്ര ചെയ്യുന്നവരിൽ 48 ശതമാനവും യുവജനങ്ങളാണ്. ജനപ്രിയ ബോർഡിംഗ് പോയിൻറുകളായ വൈറ്റില, കെഎസ്ആർടിസി ബസ് സ്റ്റാൻഡ്, തമ്പാനൂർ തുടങ്ങിയ പ്രധാന ബോർഡിംഗ് ഹബ്ബുകളിൽ യാത്രക്കാരുടെ ഗണ്യമായ തിരക്ക് അനുഭവപ്പെട്ടതായും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

നീണ്ട വാരാന്ത്യം അവസാനിക്കുന്നതോടെ, തടസങ്ങളില്ലാതെയുള്ള യാത്ര ഉറപ്പാക്കാൻ മുൻകൂട്ടി ടിക്കറ്റുകൾ ബുക്ക് ചെയ്യാൻ സൗകര്യമൊരുക്കിയിട്ടുള്ളതായി റെഡ്ബസ് വ്യക്തമാക്കുന്നു. ഇന്റർസിറ്റി ബസ് യാത്രകളുടെ എണ്ണത്തിലെ ഗണ്യമായ വർധന, ബസുകൾ വാഗ്ദാനം ചെയ്യുന്ന സൗകര്യവും കുറഞ്ഞ നിരക്കുമാണ് കാണിക്കുന്നതെന്നും തങ്ങളുടെ പ്ലാറ്റ്ഫോമിലെ സുഗമമായ ബുക്കിംഗ് ഓപ്ഷനുകളിലൂടെ യാത്രാനുഭവം മെച്ചപ്പെടുത്താൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും റെഡ്ബസ് സിഎംഒ പല്ലവി ചോപ്ര പറഞ്ഞു.

# 20 ലക്ഷം പിന്നിട്ട് ടാറ്റാ ന്യൂ– എച്ച്ഡിഎഫ്സി ബാങ്ക് കാർഡ്

**കൊച്ചി:** 20 ലക്ഷത്തിലധികം ടാറ്റാ ന്യൂ എച്ച്ഡിഎഫ്സി ബാങ്ക് ക്രെഡിറ്റ് കാർഡുകൾ വിതരണം ചെയ്തുകൊണ്ട് സുപ്രധാന നാഴികക്കല്ല് പിന്നിട്ട് ടാറ്റാ ന്യൂവും എച്ച്ഡിഎഫ്സി ബാങ്കും.  രാജ്യത്തുടനീളമുള്ള ഉപഭോക്താക്കൾക്ക് മൂല്യമേറിയതും തടസ്സമില്ലാത്തതുമായ റിവാർഡ് ഇക്കോസിസ്റ്റം ഉറപ്പുവരുത്തുന്നതിൽ കാർഡിൻറെ ഉജ്ജ്വലമായ വിജയത്തെയാണ് ഈ നേട്ടം അടിവരയിടുന്നതെന്ന് ടാറ്റാ ഡിജിറ്റൽ ഫിനാൻഷ്യൽ സർവീസ് ചീഫ് ബിസിനസ് ഓഫീസർ ഗൗരവ് ഹസ്രതി പറഞ്ഞു.2022 ഓഗസ്റ്റിൽ പുറത്തിറക്കിയതിനുശേഷം, ടാറ്റാ ന്യൂ എച്ച്ഡിഎഫ്സി ബാങ്ക് ക്രെഡിറ്റ് കാർഡ് ഗണ്യമായ മുന്നേറ്റമാണ് കൈവരിച്ചത്. ഇന്ത്യൻ ക്രെഡിറ്റ് കാർഡ് വിപണിയിൽ ഏറ്റവും ലളിതവും സുതാര്യവുമായ റിവാർഡ് ഇക്കോസിസ്റ്റം ലഭ്യമാക്കിയത് ഉപയോക്താക്കൾക്കിടയിൽ കാർഡിനെ പ്രിയപ്പെട്ടതായി മാറി. പുതിയതായി പുറത്തിറങ്ങിയ  കാർഡുകളിൽ ഗണ്യമായ എണ്ണം കാർഡുകളും ടാറ്റാ ന്യൂ എച്ച്ഡിഎഫ്സി ബാങ്ക് ക്രെഡിറ്റ് കാർഡ് ആണ്. റിസർവ്വ് ബാങ്ക് കണക്ക് പ്രകാരം 2025 സാമ്പത്തിക വർഷത്തിൻറെ മൂന്നാം പാദത്തിൽ മൊത്തം പുറത്തിറക്കിയ കാർഡുകളിൽ 13 ശതമാനത്തിലധികവും ടാറ്റാ ന്യൂ എച്ച്ഡിഎഫ്സി ബാങ്ക് ക്രെഡിറ്റ് കാർഡ് ആണ്. കാർഡിൻറെ യുപിഐ ഫീച്ചറും വൻ വിജയമാണ്. മാസം 12 ലക്ഷത്തിലധികം ഇടപാടുകളിലൂടെ  800 കോടി രൂപയിലധികം യുപിഐ വഴി ചെലവഴിക്കുന്നു. റുപേ, വിസ വേരിയൻറുകളിൽ ടാറ്റാ ന്യൂ എച്ച്ഡിഎഫ്സി ബാങ്ക് ക്രെഡിറ്റ് കാർഡ് ലഭ്യമാണ്.ടാറ്റാ ന്യൂ എച്ച്ഡിഎഫ്സി ബാങ്ക് ക്രെഡിറ്റ് കാർഡ് ടാറ്റാ ന്യൂ ആപ്പിൽ നിന്നുള്ള ഇഎംഐ അല്ലാത്ത ഓരോ ഇടപാടിലും




10 ശതമാനം വരെ ന്യൂകോയിനുകളായി തിരികെ നൽകുന്നു. സ്റ്റോറുകളിൽ നിന്ന് ഉൾപ്പെടെ ടാറ്റാ ബ്രാൻഡ് ഉത്പന്നങ്ങൾ വാങ്ങിക്കുന്നതിലൂടെ 5 ശതമാനം വരെയും അർഹമായ ടാറ്റാ ബ്രാൻഡ് അല്ലാത്തവയ്ക്ക് ഒന്നര ശതമാനവും ന്യൂകോയിനുകൾ തിരികെ നല്കുന്നു. യുപിഐ ഇടപാടുകൾക്ക് അധിക നേട്ടങ്ങളും ലഭിക്കും. കൂടാതെ ആഭ്യന്തര വിമാനത്താവളങ്ങളിലെ സൗജന്യ ലോഞ്ച് സൗകര്യങ്ങൾ, ഐഎച്ച്സിഎൽ സിൽവർ മെമ്പർഷിപ്പ് എന്നിവയും ടാറ്റാ ന്യൂ എച്ച്ഡിഎഫ്സി ബാങ്ക് ക്രെഡിറ്റ് കാർഡിലൂടെ ലഭ്യമാകുമെന്നും  ഗൗരവ് ഹസ്രതി പറഞ്ഞു. ഇന്ത്യയിലെ മുൻനിര കാർഡ് ദാതാക്കൾ എന്ന നിലയിൽ, ഓരോ ഉപഭോക്തൃ വിഭാഗത്തിനും ഇഷ്ടാനുസൃതമായ ഓഫർ സൃഷ്ടിക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നതെന്ന് എച്ച്ഡിഎഫ്സി ബാങ്കിൻറെ പേമെൻറ്സ് ലയബിലിറ്റി പ്രോഡക്ട്സ്, കൺസ്യൂമർ ഫിനാൻസ്, മാർക്കറ്റിംഗ് വിഭാഗം കൺട്രി ഹെഡ് പരാഗ് റാവ് പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com